എസ്എസ്(1)/10-12/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 10.12.2019
ഇ മെയിൽ: secret.dge@kerala.gov.in
ടെലിഫോൺ : 0471 2580522/508

## സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം - ലോക ഭിന്നശേഷി ദിനാചരണം 2019 സംബന്ധിച്ച്.

**സൂചന:-** 10.12.2019 തീയതിയിലെ ജി3/647/2019/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

************************

ലോക ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി **'ഭിന്നശേഷി സൗഹൃദ കേരളം'** എന്ന സന്ദേശം നൽകികൊണ്ട് സംസ്ഥാനത്തുടനീളം വിവിധ പരിപാടികളും ക്യാമ്പയിൻ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പും, സാമൂഹ്യ സുരക്ഷാ മിഷനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി **2019 ഡിസംബർ 12 രാവിലെ 10.30 ന്** സംസ്ഥാനത്തെ സ്കൂൾ കുട്ടികളും അധ്യാപകരും ഭിന്നശേഷി സൗഹൃദ പ്രതിജ്ഞ എടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു. പ്രതിജ്ഞയുടെ പകർപ്പ് ഇതോടൊപ്പം ഉൾകൊള്ളിക്കുന്നു.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്,

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം)
4. എല്ലാ ജില്ലാ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ പ്രഥമാദ്ധ്യാപകർക്കും ((വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്,

1. സൂപ്രണ്ട്, എം സെക്ഷൻ
2. ഓഫീസ് കോപ്പി.

**ഭിന്നശേഷി സൗഹൃദ കേരളം ക്യാമ്പയിനിന്റെ ഭാഗമായി ഡിസംബർ 12- ന സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉള്ള പ്രതിജ്ഞ**

ലോകത്തെ മനുഷ്യരെല്ലാം വ്യത്യസ്തശേഷിക്കാരാണെന്നും ഒരാളെപ്പോലെ മറ്റൊരാളെ കാണാനാവില്ലെന്നും ഞാൻ മനസ്സിലാക്കുന്നു. ആരും ആരെക്കാളും ചെറുതും വലുതുമല്ലെന്ന ആത്മ ബോധത്തോടെ ജീവിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളായ സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണങ്ങൾക്കെതിരെയുള്ള അവകാശം എന്നിവ എന്റെ രാജ്യത്തെ എല്ലാവരെപോലെയും ഭിന്നശേഷിക്കാരായ വിഭാഗത്തിനും അവകാശപ്പെട്ടതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016 വിഭാവനം ചെയ്യുന്ന അവകാശങ്ങളായ പൂർണ്ണവും ഫലപ്രദവുമായ പങ്കാളിത്തം, അവസര സമത്വം, പദവിയോടുള്ള ആദരവ്, വിവേചന രാഹിത്യം, സ്വീകാര്യത, അവകാശങ്ങളോടും കഴിവുകളോടുമുള്ള ബഹുമാനം എന്നിവയ്ക്കായി നിലകൊള്ളുമെന്നും അതിനായി പ്രവർത്തിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു. എന്റെ സഹപാഠികളായവരും, ഞാൻ ജീവിക്കുന്ന സമൂഹത്തിന്റെ ഭാഗമായവരുമായ ഭിന്ന ശേഷിക്കാരായ കുട്ടികളോടും, മുതിർന്നവരോടും ബഹുമാനത്തോടെയും ആദരവോടെയും സ്നേഹത്തോടെയും പെരുമാറുമെന്നും ഭിന്നശേഷിക്കാർ ഉൾച്ചേർന്ന സമൂഹ സൃഷ്ടിക്കായ് സഹാനുഭൂതിയോടെ പ്രവർത്തിക്കുമെന്നും ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ.